കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സംസ്ഥാന സോഷ്യൽ ഓഡിറ്റ് സംവിധാനം - അനുബന്ധ ഉപകരണങ്ങൾ കൈമാറുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 2347/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 23.09.2013

പരാമർശം: 1.സ.ഉ.(കൈ) നം.305/2010/തസ്വഭവ തീയതി 21.12.2010.
2. 20.04.2012-ലെ 22450/ഡിഡി2/12/തസ്വഭവ നം. സർക്കാർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജനകീയമായി വിലയിരുത്തുന്നതിന് സഹായിക്കുന്നതിനായി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് ഡയറക്ടറുടെ അധിക ചുമതല നൽകിക്കൊണ്ട് ഒരു സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയുണ്ടായി. 2011-ലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഓഡിറ്റ് ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന വിധത്തിലുള്ള പൈലറ്റ് സോഷ്യൽ ഓഡിറ്റ് 2012 ജൂൺ 15-ന് മുൻപായി പൂർത്തീകരിക്കണമെന്ന പുതുക്കിയ കേന്ദ്ര നിർദ്ദേശം ലഭിക്കുകയുണ്ടായി.

ഗ്രാമവികസന കമ്മീഷണറുടെ ചുമതലയിൽ പൈലറ്റ് സോഷ്യൽ ഓഡിറ്റ് നടത്താമെന്ന് മഹാത്മാഗാന്ധി തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പൈലറ്റ് സോഷ്യൽ ഓഡിറ്റ് നടത്താൻ ഗ്രാമവികസന കമ്മീഷണറെ പരാമർശം (2) പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് സംബന്ധമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ പ്രസക്തമല്ലാതായി. ഇപ്പോൾ നിർജ്ജീവമായിരിക്കുന്ന സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് സെൽ രൂപീകരിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടെങ്കിലും ഇതു സംബന്ധിച്ച തീരുമാനമാകാത്ത സാഹചര്യത്തിൽ സെല്ലുമായി ബന്ധപ്പെട്ട ഫയലുകൾ, ഫർണിച്ചർ, കംപ്യൂട്ടർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന സ്വരാജ് ഭവനിലെ താഴത്തെ നില സർക്കാർ, ഇൻഫർമേഷൻ കേരളാ മിഷന് അനുവദിച്ചിട്ടുള്ളതായതിനാൽ സോഷ്യൽ ഓഡിറ്റ് സെല്ലുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ അടിയന്തിരമായി ഇവിടെ നിന്നും ഗ്രാമ വികസന കമ്മീഷണർക്ക് കൈമാറി പ്രസ്തുത സ്ഥലം ഇൻഫർമേഷൻ കേരള മിഷന് ഒഴിഞ്ഞു കൊടുത്ത് ഉത്തരവാകുന്നു. ഇതു സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(i) സോഷ്യൽ ഓഡിറ്റ് സെല്ലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഫർണിച്ചർ, അലമാര, കംപ്യൂട്ടർ എന്നിവ വികേന്ദ്രീകൃത ഭരണത്തിനായി നടത്തുന്ന അന്തർദേശീയ സമ്മേളനത്തിന് പുതിയതായി തുറന്ന ഓഫീസിന് താല്ക്കാലികമായി

കൈമാറുകയും സമ്മേളനത്തിനു ശേഷം ഗ്രാമവികസന കമ്മീഷണർക്ക് കൈമാറുകയും ചെയ്യേണ്ടതാണ്.

1. സ്റ്റീൽ ടേബിൾ -6
2. ഓഫീസ് ചെയർ -2
3. കുഷൻ ചെയർ -13
4. കംപ്യൂട്ടർ ചെയർ -1
5. സ്റ്റീൽ ചെയർ -7
6. ബുക്ക് ഷെൽഫ് -1
7. ലോക്കർ ഷെൽഫ് -1
8. വുഡൻ സ്റ്റൂൾ - 5
9. കംപ്യൂട്ടർ ടേബിൾ -3
10. ഫയൽ സ്റ്റാന്റ് - 1
11. ഫോട്ടോസ്റ്റാറ്റ് മെഷീൻ (ഷാർപ്പ്) -1
12. ഇലക്ട്രിക്ക് ഹീറ്റർ -1
13 കംപ്യൂട്ടർ വിത്ത് മെറ്റീരിയൽസ് -2
14. പവ്വർ പ്ലഗ് -2

(ii) മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഫയലുകൾ MGNREGA മിഷന് കൈമാറേണ്ടതാണ്.

(iii) മാതൃക സോഷ്യൽ ഓഡിറ്റിനായി ലഭ്യമായ തുകയിൽ ബാങ്ക്/ട്രഷറിയിൽ ബാക്കിയുള്ള തുക KILA -യ്ക്ക് കൈമാറേണ്ടതാണ്.

(iv) സോഷ്യൽ ഓഡിറ്റ് സെല്ലിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ അറ്റാച്ച് ചെയ്തിരുന്നതും MGNREGA Mission-ലേക്ക് സ്ഥലം മാറ്റം നൽകപ്പെട്ടതുമായ സെറികൾച്ചർ ഓഫീസർമാരായ ശ്രീമതി.ബിന്ദു, ശ്രീമതി റസ് ലിൻ എന്നിവർ മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനും, KILA യ്ക്ക് തിരികെ നൽകുന്ന പണത്തിന്റെ ചെക്ക് ഒപ്പിടാൻ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറെ അധികാരപ്പെടുത്തിക്കൊണ്ടും ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജവഹറ ബീവി.എ,
ഡെപ്യൂട്ടി സെക്രട്ടറി.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.എസ്.ദിവാകരൻ പിള്ള, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, MGNREGA Cell, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
ഡയറക്ടർ, കില,മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.